**പതിനാലാം കേരളനിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം *685** 04.04.2018-ൽ മറുപടിയ്ക്ക്

## വിദ്യാർത്ഥികൾക്കായി ഗ്രൂപ്പ് പേഴ്സണൽ അപകട ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി. അബ്ദുറഹിമാൻ<br>,, സി.കൃഷ്ണൻ<br>,, എം. മുകേഷ്<br>,, പി.ടി.എ. റഹീം : | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ മേഖലയിലെ വിദ്യാർത്ഥികൾക്കായി ഗ്രൂപ്പ് പേഴ്സണൽ അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) ഉണ്ട്. സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി സംസ്ഥാന സർക്കാർ സൗജന്യ അപകട ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയിൽ ഏത് ക്ലാസ് വരെ പഠിക്കുന്ന വിദ്യാർത്ഥികളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നും അതിൻ പ്രകാരം എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിക്കുന്നതെന്നും വിശദമാക്കാമോ; | (ബി) 1 മുതൽ 10 വരെ ക്ലാസ്സുകളിലെ കുട്ടികളാണ് പ്രസ്തുത സ്കീമിന്റെ പരിധിയിൽ വരുന്നത്. കുട്ടി മരണപ്പെട്ടാൽ രക്ഷിതാവിന് 50,000/- രൂപയും, അപകടത്തിൽപ്പെട്ട് സ്ഥിരമായി അംഗവൈകല്യം സംഭവിച്ചാൽ 10,000/- രൂപയും, അപകടത്തിൽപ്പെടുന്ന കുട്ടികൾക്ക് ചികിത്സക്കായി പരമാവധി 10,000/- രൂപയും ലഭിക്കും. കൂടാതെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുട്ടികളുടെ രക്ഷിതാക്കൾ മരണപ്പെട്ടാൽ 50,000/- രൂപ ട്രഷറി അക്കൗണ്ടിൽ ഫിക്സഡ് ഡെപ്പോസിറ്റായി നിക്ഷേപിക്കുകയും പലിശയിനത്തിൽ |

| | |
|---|---|
| | ലഭിക്കുന്ന തുക കുട്ടിയുടെ പഠനാവശ്യത്തിനായി വിനിയോഗിക്കാനും ഉത്തരവായിട്ടുണ്ട്. |
| (സി) ഇൻഷ്വറൻസ് കമ്പനികൾ നടപ്പാക്കി വന്ന പ്രസ്തുത പദ്ധതി സർക്കാർ ഏറ്റെടുത്ത് കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) 10.01.2013 മുതൽ ഈ പദ്ധതി സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖാന്തിരം നടപ്പിലാക്കാൻ ഉത്തരവായെങ്കിലും പദ്ധതി കാര്യക്ഷമമായി മുന്നോട്ട് പോകാത്തതിനാൽ 30.09.2016 ലെ സർക്കാർ ഉത്തരവ് (എം എസ്) 163/16/പൊവിവ പ്രകാരം പദ്ധതി പരിഷ്കരിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖാന്തിരം നടപ്പിലാക്കാൻ തീരുമാനിച്ചു. |
| (ഡി) പ്രസ്തുത പദ്ധതിയ്ക്കായി നടപ്പ് സാമ്പത്തിക വർഷം എത്ര തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ഡി) 2016-17 സാമ്പത്തിക വർഷം 50 ലക്ഷം രൂപ വകയിരുത്തിയിരുന്നു. കൂടാതെ 2017-18 സാമ്പത്തിക വർഷം 2 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ